CAREERS 360

# KERALA SSLC 2019 (Malayalam-I)

## Question Paper

# SSLC EXAMINATION, MARCH - 2019

## MALAYALAM

First Language - Paper I

Time : 1½ Hours Total Scor

പൊതു നിർദ്ദേശങ്ങൾ :

ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്ത ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.

ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയശേഷം മാത്രം ഉത്തരമെഴുതുക.

ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

. കാവ്യത്തിലെ പാത്രങ്ങൾ കാലപരിണാമമനുസരിച്ച് വൃദ്ധിക്ഷയങ്ങൾ പ്രാപിക്കുന്നു.

അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

- വൃദ്ധിയാകുന്ന ക്ഷയം
- വൃദ്ധിയും ക്ഷയവും
- വൃദ്ധിയായ ക്ഷയം
- വൃദ്ധിയെന്ന ക്ഷയം

. "ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ"

ഈ വരിയിൽ തെളിയുന്ന പുഷ്കരന്റെ മനോഭാവം എന്ത്?

- അധികാരമോഹം
- അപകർഷബോധം
- അഹംഭാവം
- നിസ്സഹായത

. "ഏകുമർഥിയാം പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ"

നളിനിയുടെ ഈ വാക്കുകളിൽ പ്രകടമാകുന്നത്.

- തന്റെ ആഗ്രഹം ഒരിക്കൽ സഫലമാകുമെന്ന ചിന്ത
- ദിവാകരൻ തന്നെ തിരിച്ചറിയില്ലെന്ന ആശങ്ക.
- സന്ന്യാസിനിയായ നളിനിയുടെ അവസ്ഥ.
- തന്റെ ആഗ്രഹങ്ങൾ സഫലമാകില്ലെന്ന ബോധം.

. ചുവടെ കൊടുത്തിരിക്കുന്ന വാക്യം അർഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങള മാറ്റിയെഴുതുക.

മാളവികാഗ്നിമിത്രം എന്ന തന്റെ ആദ്യത്തെ നാടകത്തിൽ കാളിദാസൻ അഗ്നിമിത്ര സുംഗരാജാവിന്റെ കുടുംബജീവിതത്തെ ചിത്രീകരിച്ചിരിക്കുന്നു.

Scor

5 മുതൽ 7 വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും 2 സ്കോർ) 2x2=

5. "എല്ലാവരും ഉറങ്ങിക്കിടന്ന് അവരുടെ അടുത്തു നിന്നിരുന്നു പാണൻ പാളയത്തിൽ നിന്നും പുറത്തു പോയിരുന്നു."

'ഇരുന്നു' എന്ന പദം വാക്യങ്ങളിലുണ്ടാക്കുന്ന അർത്ഥവ്യത്യാസം കുറിക്കുക.

6. "എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതുപോലെ രാമനും എന്നെ പ്രതീക്ഷിക്കുന്നില്ലേ?"

രാമനുമായി ഒഴിച്ചു എന്നെയും എന്ന പ്രസ്താവിച്ച എന്റെ അമ്മ ജീവിപ്പിക്കുന്ന എന്നെയും.

അടിവരയിട്ട പദങ്ങൾ സന്ദർഭത്തിനു നൽകുന്ന അർത്ഥസാധ്യതകൾ കണ്ടെത്തിയെഴുതുക.

7. "ഒരു വെള്ളിലിപ്പുറത്ത് മേഘങ്ങൾ പോലെ തിളങ്ങിയിരുന്ന വാർന്ന പാട്ടുകളുടെ ലോകം!"

ഈ വരികളിൽ തെളിയുന്ന കാവ്യപരമായ രണ്ടു സവിശേഷതകൾ കുറിക്കുക.

8 മുതൽ 13 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. (ഒരുപുറം വീതം, ഓരോന്നിനും 4 സ്കോർ) 4x5

8. "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ.
വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം."

മനുഷ്യജീവിതത്തിന്റെ നശ്വരതയെ ആവിഷ്കരിക്കാൻ എഴുത്തച്ഛൻ സ്വീകരിച്ച സാദൃശ്യകല്പനകളുടെ ഔചിത്യം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

9. 'ഭർത്താവിന്റെ ഉൾപ്പിടങ്ങളിൽ എക്കാലത്തേക്കുമായി താൻ
ഉറഞ്ഞുപോകുന്നതായി ബുലിയാന അറിഞ്ഞു'

(ഉരുളക്കിഴങ്ങ് തിന്നുന്നവർ)

സന്ദർഭത്തിൽ തെളിയുന്ന കഥാപാത്രത്തിന്റെ മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

10. "കോടികോടി പുരുഷാന്തരങ്ങളിൽ-
കൂടി നേടിയതാണിതിൻ ശക്തികൾ
വെട്ടിവെട്ടി പ്രകൃതിയെ വെല്ലീട്ടു
വെറ്റി നേടിയതാണിതിൻ സിദ്ധികൾ!"

(അശ്വമേധം)

മനുഷ്യന്റെ സാംസ്കാരികപുരോഗതിയെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ തെളിയുന്നത്? നിങ്ങളുടെ നിരീക്ഷണങ്ങൾ യുക്തിപൂർവം അവതരിപ്പിക്കുക.

Sc

11. 'ആർഷസംസ്കാരം വ്യാസനെയെന്ന പോലെ അശ്വത്ഥാമാവിനെയും ചിരഞ്ജീവിയെന്നു വാഴ്ത്തുന്നത് ഒരിക്കലും നിരർഥകമല്ല'

വ്യാസനെയും അശ്വത്ഥാമാവിനെയും ചിരഞ്ജീവിയായി കല്പിച്ചതിനെക്കുറിച്ചുള്ള കുട്ടികൃഷ്ണ മാരാരുടെ നിരീക്ഷണങ്ങൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

12. "ദുഷ്കരമായിട്ടൊന്നുമില്ല കേൾ
മത്സഹായമുണ്ടായാലെവനും
നളനും നീയും ഭേദമെന്തിവിടെ?
നാടുവാഴ്ക നളനെ വെന്നു സമ്പ്രതി..."

കലിയുടെ ഈ 'വാക്കുകൾ പ്രലോഭനം' എന്ന ശീർഷകത്തെ സാധൂകരിക്കുന്നുണ്ടോ? വരികൾ വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

13. 'അതെല്ലാം എരിവും പുളിയും ചേർത്തു പകർത്തി അയച്ച ആ 'ഷ്ലോൾക്കുട്ടി'യാണ് തന്റെ മുൻപിൽ നിൽക്കുന്നതെന്ന് ആ മാന്യൻ അറിയുന്നില്ല.'

(ഞാൻ കഥാകാരനായ കഥ)

ഒരെഴുത്തുകാരന്റെ ആത്മാഭിമാനമാണോ ഈ സന്ദർഭത്തിൽ തെളിയുന്നത്? സ്വന്തം നിരീക്ഷണങ്ങൾ യുക്തിപൂർവം അവതരിപ്പിക്കുക.

**14 മുതൽ 16 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.**
**(ഒരു പുറം വീതം ഓരോന്നിനും 6 സ്കോർ)**

14. 'ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്.'

(ആത്മാവിന്റെ വെളിപാടുകൾ)

'ഞാൻ അനുഭവിച്ചു തീർത്ത ജീവിതം ഏറെ ഭയാനകം തന്നെയെന്ന് എനിക്ക് തോന്നാറുണ്ട് പക്ഷേ എല്ലാം എങ്ങനെ സഹിച്ചു എന്നെനിക്ക് മനസ്സിലാകുന്നില്ല.'

(അക്കർമാശി, ഒരാമുഖം)

ദസ്തയേവ്സ്കിയുടെയും ശരൺകുമാർ ലിംബാളെയുടെയും ജീവിതാനുഭവങ്ങളും വർത്തമാനകാല സാമൂഹ്യാവസ്ഥകളും പ്രയോജനപ്പെടുത്തി 'ആത്മവിശ്വാസവും ജീവിതവിജയവും' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

15. മനുഷ്യബന്ധങ്ങളുടെ വ്യത്യസ്തതലങ്ങളാണല്ലോ വിശ്വരൂപം, കടൽത്തീരത്ത് എന്നീ രചനകളിൽ ആവിഷ്കരിച്ചിരിക്കുന്നത്.

കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് 'കഥകളിലെ മനുഷ്യബന്ധങ്ങൾ' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

16. ചുവടെ കൊടുത്തിരിക്കുന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക. (പ്രമേയം, ആവിഷ്കാരരീതി, സമകാലിക പ്രസക്തി തുടങ്ങിയവ പരിഗണിക്കണം)

പള്ളിക്കൂടത്തിലെ
നല്ലിടവേളകൾ
സംഗീതസാന്ദ്രമായ്-
ത്തീർത്തൊരു ചങ്ങാതി,
താഴത്തൊരു കു-
ഞ്ഞുറുമ്പിനെപ്പോലുമേ
നോവിച്ചിടാതെ
നടന്നു പോകുന്നവൻ,
സായ്പിന്റെ സൈന്യത്തി-
ലിന്നലെപ്പോയ് ചേർന്നു,
വീട്ടിലെപ്പട്ടിണി-
യോടു പൊരുതുവാൻ.
"ഇല്ലിനി ക്ലാസിൽ
വരില്ല ഞാ" നെന്നവൻ
ചൊല്ലിയെന്നോടന്നു
യാത്ര പറയവേ,
"എന്നിനിക്കാണും?" എൻ
കണ്ണുകൾ ചോദിച്ചു!
ഒന്നാമിഴിയീറ-
നായതേയുത്തരം!
ആരോ വിരൽ ചൂണ്ടി
"ശത്രു" വെന്നോതിടും
ആരുടെയോ നേർക്ക്
തോക്കുമായ് പായുന്ന
പാവമെൻ ചങ്ങാതിയെ-
യന്നൊരു പേക്കി-
നാവിൽ ഞാൻ കണ്ടു,
നടുങ്ങിയുണർന്നുപോയ്!
പിന്നെയൊരുനാ-
ളയലത്തൊരുവീട്ടിൽ-
നിന്നൊരു കൂട്ട-
നിലവിളികേട്ടു ഞാൻ.
യുദ്ധരംഗത്ത്
മരിച്ച ഭടൻതന്റെ
പെട്ടിയും ഭാണ്ഡവും
വീട്ടിൽ വന്നെത്തുന്നു...
പൊട്ടിക്കരഞ്ഞതി-
ല്ലെത്രയോ വീടുകൾ
യുദ്ധം ജയിച്ചെന്ന
വാർത്തചമയ്ക്കുവാൻ!...

ഒ.എൻ.വി. കുറുപ്പ്

-oOo-